പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1029 05/03/2018-ൽ മറുപടിക്ക്

## എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് അംഗീകാരം നൽകുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) 2016 ജൂൺ ഒന്നുമുതൽ സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) സർക്കാർ ഉത്തരവുകൾക്കും കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കും അനുസൃതമായി എയ്ഡഡ് സ്കൂളുകളിൽ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ യാതൊരുവിധ തടസ്സങ്ങളുമില്ല. ഇത്തരം നിയമനങ്ങൾ ഏതു വർഷങ്ങളിലേതായാലും അംഗീകാരം നൽകണമെന്നു തന്നെയാണ് സർക്കാരും പൊതുവിദ്യാഭ്യാസ ഡയറക്ടറും നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നത്. |
| (ബി) കേരള എഡ്യൂക്കേഷൻ റൂൾസ് ഭേദഗതിക്കു മുമ്പ് നിയമിക്കപ്പെട്ട് അംഗീകാരം പ്രതീക്ഷിച്ചുകഴിയുന്ന പ്രസ്തുത അദ്ധ്യാപകരുടെ എണ്ണം വെളിപ്പെടുത്തുമോ; | (ബി) വിവരം ശേഖരിച്ചു വരുന്നു. |
| (സി) നയ്യലി ഓപ്പൺഡ് സ്കൂളുകളിലെ ജീവനക്കാരുടെ രാജി, മരണം, റിട്ടയർമെന്റ് എന്നിവ മുഖേനയുണ്ടാകുന്ന ഒഴിവുകളിൽ നിയമനം നടത്തുന്നത് സംബന്ധിച്ച സർക്കാർ തീരുമാനം പുന:പരിശോധിക്കുമോ; | (സി) പുന:പരിശോധിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| (ഡി) 2016 ജൂൺ ഒന്നുമുതൽ എയ്ഡഡ് വിദ്യാലയങ്ങളിൽ നിയമിക്കപ്പെട്ട എല്ലാ അദ്ധ്യാപകർക്കും അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?. | (ഡി) ചട്ടങ്ങൾക്കും ഉത്തരവുകൾക്കും അനുസൃതമായി മാനേജർമാർ നടത്തുന്ന നിയമനങ്ങൾക്ക് മാത്രമേ അംഗീകാരം നൽകാൻ കഴിയൂ. അത്തരം നിയമനങ്ങൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ ഇപ്പോൾ തടസ്സവാദങ്ങളൊന്നുമില്ല. സർക്കാരിന്റെ മാർഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി നടത്തുന്ന നിയമനങ്ങൾ അംഗീകാരത്തിന് അർഹമല്ല. |

സെക്ഷൻ ഓഫീസർ